(ബി) ഇല്ലെങ്കിൽ സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുകയും സർക്കാർ വിദ്യാലയങ്ങളിൽ നിയമിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണമെന്താണ് ;

(സി) ലാബ് അസിസ്റ്റന്റുമാരെ നിയമിക്കാത്തതുമൂലം ഉണ്ടാകുന്ന അസൗകര്യങ്ങൾ മനസ്സിലാക്കി ലാബ് അസിസ്റ്റന്റുമാരെ നിയമിക്കാൻ സന്നദ്ധമാവുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ലാബ് അസിസ്റ്റന്റുമാരുടെ തസ്തികയില്ലാതിരുന്ന ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ രണ്ട് ലാബോറട്ടറി അസിസ്റ്റന്റ് തസ്തികകൾവീതം സൃഷ്ടിച്ചുകൊണ്ട് 28-3-2003-ൽ മാത്രമാണ് ഗവൺമെന്റ് ഉത്തരവായത്. പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്ക് ശമ്പളം നൽകാൻ നടപടി

109(3668) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന നടപടി എവിടെവരെയായി എന്നറിയിക്കാമോ ;

(ബി) ലാബ് അസിസ്റ്റന്റുമാരുടെ നിയമനാംഗീകാരം എന്നത്തേക്ക് നൽകാനാകും എന്ന് പറയാമോ ;

(സി) ഇവർക്ക് എന്നു മുതൽ ശമ്പളം ലഭിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) താൽക്കാലിക ആശ്വാസമെന്ന നിലയിൽ ഇവർക്ക് ശമ്പളം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സയൻസ് ബാച്ചുകളുള്ള സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ രണ്ട് തസ്തികകൾ വീതം സൃഷ്ടിച്ചു കൊണ്ട് 28-3-2003-ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി&ഡി) നിയമനാംഗീകാരം ലഭിക്കുന്ന മുറക്ക് ശമ്പളം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly